കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
വിനോദ സഞ്ചാര വകുപ്പ്
നവകേരളം കർമപദ്ധതി
ഹരിതകേരളം മിഷൻ

# ഹരിത ടൂറിസം

## പ്രവർത്തന മാർഗരേഖ

ഒക്ടോബർ 2024

**ഹരിത ടൂറിസം**
പ്രവർത്തന മാർഗ്ഗരേഖ

തയ്യാറാക്കിയത്
**ഹരിതകേരളം മിഷൻ**
**സംസ്ഥാന മിഷൻ ടീം**

ഏകോപനം
**സൂര്യ എസ്.ബി.**

കവർ ഡിസൈൻ & ലേഔട്ട്
**ഫൗസിയ പി.എ.**

പ്രസിദ്ധീകരണം
**നവകേരളം കർമപദ്ധതി**
ബി.എസ്.എൻ.എൽ. ഭവൻ
മൂന്നാം നില, ഉപ്പളംറോഡ്
സ്റ്റാച്യു, തിരുവനന്തപുരം 695001
ഫോൺ : 0471 2449939
ഇ-മെയിൽ : navakeralamgok@gmail.com

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം

കോപ്പി :1000
സൗജന്യ വിതരണത്തിന്

ഒന്നാം പതിപ്പ്
ഒക്ടോബർ 2024



**എം. ബി. രാജേഷ്**
തദ്ദേശസ്വയംഭരണവും എക്സൈസും
പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

30.09.2024

## സന്ദേശം

ലോക ടൂറിസം ഭൂപടത്തിൽ കേരളത്തിന് ശ്രദ്ധേയമായ ഇടമാണുള്ളത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും വിനോദസഞ്ചാര മേഖല സഹായിക്കുന്നുണ്ട്. എന്നാൽ അനിയന്ത്രിതമായതും സുസ്ഥിരമല്ലാത്തതുമായ ടൂറിസം പ്രവർത്തനങ്ങൾ പരിസ്ഥിതിയേയും ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുന്നതും ഇന്ന് കേരളത്തിൽ സ്ഥിരം കാഴ്ചയാണ്.

കേരളത്തിന്റെ സ്വാഭാവിക സൗന്ദര്യവും ജൈവസമ്പത്തും പ്രകൃതി വിഭവങ്ങളും സംരക്ഷിച്ച്, സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെ പ്രകൃതിയെ പരിപാലിക്കുന്നതിൽ വലിയ പ്രാധാന്യം കഴിഞ്ഞ കുറെ വർഷങ്ങളായി ഹരിതകേരളം മിഷൻ നൽകി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കാനുള്ള ഈ പദ്ധതി ജനകീയമായ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പുതിയൊരു ചവിട്ടുപടിയാണ്. സംസ്ഥാന സർക്കാർ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഹരിത ടൂറിസം മാർഗരേഖ പ്രത്യേകിച്ചും പ്രസക്തമാണ്. ഖര-ദ്രവ മാലിന്യസംസ്കരണം, വൃത്തിയുള്ള ടോയ്ലെറ്റ്, അടിസ്ഥാനസൗകര്യങ്ങൾ, ജലസ്രോതസുകളുടെ സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, തദ്ദേശ ജനതയുടെ സാമൂഹിക-സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സംയോജനത്തോടെ സുസ്ഥിരമായ ഹരിത ടൂറിസം കേന്ദ്രങ്ങൾ എങ്ങനെ സൃഷ്ടിക്കാം എന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ ഉൾപ്പെടുത്തിയ ഈ മാർഗരേഖ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഏറെ പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

എം.ബി.രാജേഷ്



**പി. എ. മുഹമ്മദ് റിയാസ്**
പൊതുമരാമത്ത്, വിനോദസഞ്ചാരവും
വകുപ്പ് മന്ത്രി
കേരള സർക്കാർ

ഓഫീസ് : റൂം നമ്പർ 601,
ആറാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

## സന്ദേശം

കേരളത്തിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ലോകശ്രദ്ധയും അംഗീകാരങ്ങളും നേടി നിൽക്കുന്ന കാലമാണിത്. പാരിസ്ഥിതിക സവിശേഷതകളും പ്രകൃതിഭംഗിയും ആസ്വാദ്യകരമായ കാലാവസ്ഥയുമാണ് നമ്മുടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മിക്കവയേയും ആകർഷണീയമാക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യരഹിതമായും പ്രകൃതി സൗഹൃദമായും മികച്ച അടിസ്ഥാന സൗകര്യമുള്ളതായുമെല്ലാം നിലനിർത്തേണ്ടതത് നമ്മുടെ ഉത്തരവാദിത്തമാണ്. സുസ്ഥാപിതമായ കേന്ദ്രങ്ങളെപ്പോലെ പുതിയതായി ഉയർന്നു വരുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളേയും ഈ നിലവാരത്തിൽ കാത്തു സൂക്ഷിക്കേണ്ടതുണ്ട്. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'ഹരിതടൂറിസം' എന്ന പേരിൽ ഒരു ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. ഹരിതടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികൾക്കും സഹായകരമായ രീതിയിൽ ഒരു മാർഗരേഖയും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ മാർഗരേഖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതര ഏജൻസികളും കൃത്യമായി പ്രയോജനപ്പെടുത്തുമെന്ന് പ്രത്യാശിക്കുന്നു. 'ഹരിതടൂറിസം' ക്യാമ്പയിൻ പൂർണ വിജയമാക്കാൻ ടൂറിസം വകുപ്പിന്റെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

പി എ മുഹമ്മദ് റിയാസ്

ഫോൺ-ഓഫീസ് : 0471-2517152, 2333160 ഫാക്സ് : 0471-2327669 മൊബൈൽ : 9400055111
ഇ-മെയിൽ : min.pwd@kerala.gov.in, mohamed.riyas@keralatourism.org






**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി


# മുഖവുര

കേരളത്തെ സമ്പൂർണ ശുചിത്വ പ്രദേശമാക്കി മാറ്റാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ നടക്കുന്ന വേളയിലാണ് ഈ പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിക്കുന്നത്. വീടുകൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവപോലെ മാലിന്യവുമായി ബന്ധപ്പെട്ട് പ്രത്യേകം പരിഗണിക്കേണ്ട സ്ഥലങ്ങളാണ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ. പാരിസ്ഥിതികവും സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യമുള്ള പ്രദേശങ്ങളാണ് നമ്മുടെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ബഹുഭൂരിപക്ഷവും. അവയെ മാലിന്യരഹിതമായി മാറ്റുക മാത്രമല്ല സമ്പൂർണ ഹരിത ടൂറിസം കേന്ദ്രങ്ങളായി സംരക്ഷിക്കാനാണ് ലക്ഷ്യമിടുന്നത്.

പാരിസ്ഥിതിക ആഘാതങ്ങൾ കുറയ്ക്കാനായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചില നിയന്ത്രണങ്ങളും ചില സുസ്ഥിരമായ ക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു ടൂറിസം കേന്ദ്രത്തിൽ ഒരു തരത്തിലുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും നില വിലില്ലാത്ത അവസ്ഥയാണെങ്കിൽ ആ കേന്ദ്രത്തെ ഒരു ഹരിത ടൂറിസം കേന്ദ്രമായി വിശേഷിപ്പിക്കാവുന്നതാണ്.

ഒരു ടൂറിസം കേന്ദ്രത്തിന്റെ പാരിസ്ഥിതിക-സാമൂഹിക-സാംസ്കാരിക പ്രത്യേകതകൾ നിലനിർത്തിക്കൊണ്ട്, പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ച്, ആ പ്രദേശത്തിന്റെ സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനവും, പരിസ്ഥിതി സംരക്ഷണവും, പ്രാദേശിക ജനതയുടെ സാമൂഹിക-സാമ്പത്തിക വികസനവും സാധ്യമാണ്. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മറ്റു സ്റ്റേക്ക് ഹോൾഡേഴ്സിനെ ബന്ധിപ്പിച്ചുള്ള വിവിധ ഇടപെടലുകളിലൂടെ ആ കേന്ദ്രത്തെ ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സഹായിക്കുന്ന വിധത്തിലാണ് ഈ പ്രവർത്തന മാർഗരേഖ രൂപകൽപ്പന ചെയ്തിട്ടുള്ളത്.



# ഹരിത ടൂറിസത്തിലേയ്ക്ക് ...

- വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പല ഘടകങ്ങൾ ഉൾപ്പെട്ടതാവും ഓരോ വിനോദ സഞ്ചാര കേന്ദ്രവും. ഇതിൽ ഭൂരിഭാഗവും ആ പ്രദേശത്തിന്റെ പാരിസ്ഥിതികമായ പ്രത്യേകതകൾ കൊണ്ട് വിനോദസഞ്ചാര കേന്ദ്രങ്ങൾ ആയി മാറിയതാവാം. എന്നാൽ അവിടുത്തെ സ്വാഭാവികമായ ആവാസ വ്യവസ്ഥയ്ക്കോ ജന്തുജാലങ്ങൾക്കോ ജൈവസമ്പത്തിനോ കോട്ടം തട്ടാത്ത വിധം ആവണം ഹരിത ടൂറിസം പ്രവർത്തനങ്ങൾ നടത്തേണ്ടത്.
- പ്രാദേശിക ജനത അവരുടെ നിത്യജീവിതത്തിൽ പല കാര്യങ്ങൾക്കും ആശ്രയിക്കുന്നത് ഈ പ്രദേശത്തെ പ്രകൃതി വിഭവങ്ങളെയും ആയിരിക്കും. അതിനാൽ ഹരിത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയെയോ അവരുടെ വിഭവങ്ങളെയോ ചൂഷണം ചെയ്യാത്ത രീതിയിൽ ആവണം.
- ഹരിത ടൂറിസം കേന്ദ്രത്തിൽ കുടിവെള്ളം, ടോയ്‌ലെറ്റ്, വിശ്രമകേന്ദ്രം, ഇരിപ്പിടങ്ങൾ, ഭക്ഷണശാല, എത്തിച്ചേരാനുള്ള വഴി തുടങ്ങി വിനോദസഞ്ചാരികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കണം. എന്നാൽ ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ പരമാവധി ആ പ്രദേശത്തിന്റെ പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചും കാർബൺ ഫുട്പ്രിന്റ് കുറയ്ക്കുന്നതുമായ രീതി അവലംബിച്ചും ഉള്ളതാകണം.



# ഹരിത ടൂറിസം കേന്ദ്രം ആകുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ

- ഒരു വിനോദസഞ്ചാര കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി മാറുന്നത് അവിടേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് വഴിയൊരുക്കും. ഇതിലൂടെ പ്രസ്തുത കേന്ദ്രത്തിന്റെ നിയന്ത്രണമുള്ള ഏജൻസിക്ക് വരുമാന വർധനയും അതിലൂടെ തൊഴിൽ വർധനയും ഉണ്ടാകും.
- ടൂറിസം കേന്ദ്രങ്ങളിലെ മലിനീകരണം, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, ശുചിമുറികളുടെ അഭാവം, വൃത്തിയില്ലായ്മ തുടങ്ങിയ ഘടകങ്ങൾ അവിടെ എത്തുന്ന സഞ്ചാരികളുടെ ആരോഗ്യത്തെ ഉൾപ്പെടെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഹരിത ടൂറിസം കേന്ദ്രങ്ങൾ ആരോഗ്യകരമായ ടൂറിസം കേന്ദ്രങ്ങൾ കൂടിയാണ്.
- ഹരിത ടൂറിസം കേന്ദ്രത്തിൽ പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ, പ്രാദേശിക ജനതയുടെ അറിവുകൾ തുടങ്ങിയവയ്ക്ക് വലിയ



പ്രാധാന്യം ഉണ്ട്. ഹരിത ടൂറിസം കേന്ദ്രമായി വികസിച്ചു വരുന്ന ചെറു പ്രദേശങ്ങളിലും ഒട്ടനവധി തൊഴിൽ സാദ്ധ്യതകൾ ഉണ്ട്. ഇവ പ്രയോജനപ്പെടുത്തുന്നതിലൂടെ ഹരിത ടൂറിസത്തെ ഒരു ഉപജീവന ഉപാധിയായി വികസിപ്പിക്കാനുമാകും.

- വിനോദസഞ്ചാരികൾ എത്തുന്നതും പ്രാദേശിക ജനതയുടെ തൊഴിൽ സാധ്യതകൾ വർദ്ധിക്കുന്നതും ഒരു പ്രദേശത്തിന്റെ ആകെ സാമ്പത്തിക വികസനത്തിന് സഹായകമാകും.
- ഹരിത ടൂറിസം കേന്ദ്രങ്ങൾ വിനോദസഞ്ചാരികൾക്ക് മാത്രമല്ല, അവിടുത്തെ ആവാസവ്യവസ്ഥയ്ക്കുകൂടി സംരക്ഷണം നല്കുന്നവ ആയിരിക്കും. കേന്ദ്രത്തിനുള്ളിലെ നിർമിതികൾ, സ്ഥാപിക്കുന്ന സംവിധാനങ്ങൾ, സഞ്ചാരികൾ ചെയ്യുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ ജൈവ സമ്പത്തിനെ ഒരു തരത്തിലും ബാധിക്കാത്തതും അവയെ സംരക്ഷിച്ചു നിലനിർത്തുന്നതും ആയിരിക്കും. ഒരു വിനോദസഞ്ചാര പ്രദേശം ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം പൂർണമായും ഇല്ലാതാക്കുന്നവയായിരിക്കും എന്ന് മാത്രമല്ല ടൂറിസം കേന്ദ്രത്തിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ജൈവവൈവിധ്യത്തിന്റെ അളവ് കൂട്ടുന്നതിനുള്ള സാധ്യതകളും തുറന്നു വരും.



# ഹരിത ടൂറിസം കേന്ദ്രത്തിന്റെ ഘടകങ്ങൾ

## 1. മാലിന്യസംസ്കരണ സംവിധാനങ്ങൾ

### 1.1. ഖരമാലിന്യ സംസ്കരണ / ജൈവ-അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

**1.1.1.** ജൈവ- അജൈവ മാലിന്യങ്ങൾ തരംതിരിച്ചു വയ്ക്കാൻ വ്യത്യസ്ത കളർ കോഡുള്ള ബിന്നുകൾ.

**1.1.2.** ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഉറവിടത്തിലോ അല്ലാതെയോ ഉള്ള സംവിധാനം

**1.1.3.** വിനോദസഞ്ചാരകേന്ദ്രത്തിൽ നിന്നും അതിനുള്ളിലെ കടകൾ, ഹോട്ടൽ, റിസോർട്ട്, ഹോംസ്റ്റേ തുടങ്ങിയവയിൽ നിന്നും അജൈവമാലിന്യം തരംതിരിച്ച് ഹരിതകർമ സേനയ്ക്കോ അംഗീകൃത ഏജൻസിക്കോ കൈമാറാനുള്ള സംവിധാനം.

**1.1.4.** വിനോദസഞ്ചാരികളോ കച്ചവടക്കാരോ പ്രദേശവാസികളോ ടൂറിസം കേന്ദ്രത്തിനുള്ളിൽ മാലിന്യം വലിച്ചെറിയുകയോ കൂട്ടിയിടുകയോ ജലാശയങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം.

**1.1.5.** മാലിന്യം, കരിയില തുടങ്ങിയവ കത്തിക്കാതിരിക്കാനുള്ള സംവിധാനങ്ങളും ഇടപെടലുകളും

### 1.2. ദ്രവമാലിന്യ നിർമാർജന സംവിധാനങ്ങൾ

**1.2.1.** കടകൾ, റിസോർട്ട്, ഹോംസ്റ്റേ, റെസ്റ്റോറന്റ്, ഹോട്ടൽ തുടങ്ങിയവയിൽ നിന്നെല്ലാമുള്ള ദ്രവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനം ഉറവിടത്തിൽ തന്നെ സ്ഥാപിക്കുകയോ കമ്മ്യൂണിറ്റി തലത്തിൽ ഇവ സംസ്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയോ ചെയ്യൽ.

**1.2.2.** ടോയ്‌ലെറ്റിൽ നിന്നുള്ള മാലിന്യവും മലിനജലവും സംസ്കരിക്കാനുള്ള സംവിധാനം.

**1.2.3.** മലിനജലം കെട്ടിനിൽക്കാതിരിക്കൽ.

**1.2.4.** മലിനജലം സമീപത്തെ ജലാശയങ്ങളിലേക്ക് എത്തി അവ മലിനപ്പെടാതിരിക്കൽ.

**1.2.5.** മലിനജലം തുറസ്സായസ്ഥലങ്ങളിലേയ്ക്ക് തുറന്ന് വിടാതിരിക്കൽ.

## 1.3. ടോയ്‌ലറ്റ്

**1.3.1.** വിനോദസഞ്ചാരികളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യത്തിന് വൃത്തിയുള്ള ടോയ്‌ലെറ്റ്/ടോയ്‌ലെറ്റ് കോംപ്ലക്സ്.

**1.3.2.** ടോയ്‌ലെറ്റിൽ ആവശ്യത്തിന് ജല ലഭ്യത.

**1.3.3.** നിശ്ചിത ഇടവേളകളിൽ ടോയ്‌ലെറ്റ് വൃത്തിയാക്കുന്നതിനും പരിപാലിക്കുന്നതിനും ഈ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം.

## 1.4. പൊതു ശുചിത്വ നിലവാരം

**1.4.1.** ആവശ്യത്തിന് ശുചീകരണ തൊഴിലാളികളെ നിയമിക്കൽ

**1.4.2.** നിശ്ചിത ഇടവേളകളിൽ ശുചീകരണ പ്രവർത്തനം നടത്തൽ

**1.4.3.** ശുചീകരണം നടത്തി ശേഖരിക്കുന്ന മാലിന്യത്തിന്റെ കൃത്യമായ സംസ്കരണം

## 1.5. ഗ്രീൻ പ്രോട്ടോക്കോൾ

**1.5.1.** കർശനമായ ഗ്രീൻ പ്രോട്ടോക്കോൾ പാലനം നടപ്പാക്കൽ

**1.5.2.** പരിസ്ഥിതി ലോല പ്രദേശങ്ങൾ ഉൾപ്പെട്ട ഹരിത ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത സോണുകൾ ആക്കൽ

**1.5.3.** ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്, ഡിസ്പോസബിൾ വസ്തുക്കളുടെ പൂർണമായ നിരോധനം

**1.5.4.** ബദൽ ഉത്പന്നങ്ങളുടെ ലഭ്യതയും പ്രചാരണവും

# 2. ജല ലഭ്യത, ജലസംരക്ഷണം

## 2.1. ജലസ്രോതസ്സ്

**2.1.1.** ജലസ്രോതസ്സ് ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കാനുള്ള പ്രവർത്തനം/ റീചാർജ് ചെയ്യാനുള്ള സംവിധാനം

**2.1.2.** ജല സ്രോതസ്സ് മലിനപ്പെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തടയൽ

**2.1.3.** മലിനപ്പെട്ടു കിടക്കുന്ന/ ഉപയോഗിക്കാത്ത ജല സ്രോതസ്സുകൾ ഉണ്ടെങ്കിൽ അവയുടെ വീണ്ടെടുക്കൽ

**2.1.4.** സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകളിൽ നിന്ന് നേരിട്ട് കച്ചവട സ്ഥാപനങ്ങളിലേക്ക് വെള്ളം ശേഖരിക്കുന്നത് തടയൽ

**2.1.5.** ജല ആവാസ വ്യവസ്ഥ സംരക്ഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ

**2.1.6.** ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാര കേന്ദ്രം ആണെങ്കിൽ അവിടെ നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ, മറ്റു ടൂറിസം ആക്ടിവിറ്റികൾ തുടങ്ങിയവ ജല സ്രോതസ്സുകളെ മലിനമാക്കുന്നതോ, നീർച്ചാലുകൾ അടഞ്ഞുപോകുന്ന തരത്തിലുള്ളതോ ആവാസ വ്യവസ്ഥയെ നശിപ്പിക്കുന്നതോ അല്ല എന്ന് ഉറപ്പാക്കൽ

## 2.2. കുടിവെള്ള ലഭ്യത

**2.2.1.** എല്ലാ സമയത്തും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്ന സംവിധാനം

**2.2.2.** ജലസ്രോതസ്സുകൾ കുടിവെള്ളത്തിനായി ഉപയോഗിക്കുന്നുണ്ടെങ്കിൽ അവ ശുദ്ധീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തൽ

## 2.3. ജലസംരക്ഷണം

**2.3.1.** വരൾച്ചാ ബാധിത പ്രദേശം ആണെങ്കിൽ ഉചിതമായ ജലസംരക്ഷണ പ്രവർത്തനം

**2.3.2.** ജലത്തിന്റെ പുനരുപയോഗ സാധ്യത പ്രയോജനപ്പെടുത്തൽ

**2.3.3.** ജലം പാഴാകുന്ന പ്രവർത്തനങ്ങൾ തടയൽ

# 3. ജൈവവൈവിധ്യ സംരക്ഷണം

## 3.1. സ്വാഭാവികമായ ആവാസ വ്യവസ്ഥയെ നിലനിർത്തൽ

**3.1.1.** ടൂറിസം കേന്ദ്രമുള്ള പ്രദേശത്തെ ആവാസ വ്യവസ്ഥയ്ക്ക് ആഘാതം സംഭവിക്കാത്ത തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങൾ, സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ

**3.1.2.** ചില പ്രത്യേക സ്പീഷീസുകളുടെ ആവാസ കേന്ദ്രമോ പ്രജനന കേന്ദ്രമോ ആണെങ്കിൽ അവയെ സംരക്ഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ

3.1.3. ടൂറിസം കേന്ദ്രത്തിനുള്ളിൽ എൻഡെമിക് സ്പീഷീസുകൾ, വംശനാശ ഭീഷണി നേരിടുന്ന സ്പീഷീസുകൾ എന്നിവ ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ

3.2. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ

3.2.1. പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള തദ്ദേശീയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുകയും വൃക്ഷവത്കരണം നടത്തുകയും ചെയ്യൽ.

3.2.2. പല കാരണങ്ങളാൽ നശിച്ചു പോയ സസ്യജാലങ്ങൾ, പുൽമേടുകൾ തുടങ്ങിയവ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ

3.2.3. അധിനിവേശ (Invasive), തദ്ദേശീയമല്ലാത്ത (exotic) സ്പീഷീസുകളെ ഒഴിവാക്കൽ

## 4. പ്രാദേശിക- സാമ്പത്തിക വികസനം

4.1. പ്രാദേശികമായി ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്ന സംരംഭങ്ങൾ ആരംഭിക്കൽ

4.2. തദ്ദേശീയർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ

4.3. പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ നിർമാണം

4.4. ആ പ്രദേശത്തിന്റെ സവിശേഷതകൾ പറഞ്ഞു കൊടുക്കാൻ സാധിക്കുന്ന തദ്ദേശീയരെ ഗൈഡുകളായി നിയമിക്കൽ

4.5. തദ്ദേശീയ വിഭവങ്ങൾ തയ്യാറാക്കി നൽകുന്ന സംരംഭങ്ങൾ

4.6. തദ്ദേശീയർക്ക് താമസ സൗകര്യം ഒരുക്കാൻ സാധിക്കുമെങ്കിൽ അത് പ്രയോജനപ്പെടുത്തൽ

4.7. പാർക്കിങ് സൗകര്യങ്ങൾ, ടോയ്‌ലെറ്റ് സൗകര്യങ്ങൾ തുടങ്ങിയവ ഒരുക്കാൻ പൊതുസ്ഥലങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യഭൂമിയിൽ അവ സ്ഥാപിക്കുന്നതിലൂടെ തദ്ദേശീയരുടെ വരുമാന വർദ്ധനവ്

4.8. കാർഷിക പ്രവർത്തനങ്ങൾ, മൽസ്യബന്ധനം, നെയ്ത്ത്, മുള, ഈറ, കൈതോല എന്നിവയുടെ ഉത്പന്നങ്ങൾ നിർമ്മിക്കൽ കയർ നിർമാണം തുടങ്ങിയ പരമ്പരാഗത തൊഴിലുകളും പ്രാദേശിക കലകളും ഹരിത ടൂറിസവുമായി ബന്ധപ്പെടുത്താം

## 5. കാർബൺ എമിഷൻ കുറയ്ക്കുന്ന പ്രവർത്തനങ്ങൾ

**ഊർജ സംരക്ഷണം**

**5.1.** സോളാർ, മിനി ജലവൈദ്യുത പദ്ധതികൾ തുടങ്ങിയ ഗ്രീൻ എനർജി സ്രോതസ്സുകൾ സ്ഥാപിക്കാനുള്ള സാധ്യതയുള്ള പ്രദേശം ആണെങ്കിൽ അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ

**5.2.** സെൻസർ/ ടൈമർ ലൈറ്റുകൾ സ്ഥാപിക്കൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പ്രവർത്തന സമയം കഴിഞ്ഞാൽ ഏറ്റവും അത്യാവശ്യമുള്ള ലൈറ്റുകൾ മാത്രം രാത്രി മുഴുവൻ പ്രവർത്തിക്കുകയും മറ്റുള്ളവ നിശ്ചിത സമയം കഴിയുമ്പോൾ അണയുകയും ചെയുന്ന സംവിധാനങ്ങൾ ഒരുക്കൽ

**5.3.** ടൂറിസം കേന്ദ്രത്തിനുള്ളിൽ ഇലക്ട്രിക്ക്, ബാറ്ററി ഓപ്പറേറ്റഡ് വാഹനങ്ങൾ സജ്ജീകരിക്കൽ

**5.4.** ഇലക്ട്രിക്ക് പൊതുവാഹന സൗകര്യം ഏർപ്പെടുത്തൽ

**5.5.** ഇ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തൽ

**5.6.** LED ലൈറ്റുകൾ, ഊർജ്ജക്ഷമതയുള്ള വൈദ്യുത ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ

## 6. കാർഷിക പ്രവർത്തനങ്ങൾ

കാർഷിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ടൂറിസം കേന്ദ്രം ആണെങ്കിൽ

**6.1.** കാർഷികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ഒരു തരത്തിലും ബാധിക്കാത്ത രീതിയിലുള്ള ടൂറിസം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

**6.2.** വിനോദസഞ്ചാരികൾക്ക് പ്രാദേശിക കൃഷിരീതികൾ പരിചയപ്പെടുത്താനും പഠിക്കാനുമുള്ള അവസരം ഉണ്ടാക്കൽ



## 7. പാർക്കിംഗ്, വിശ്രമകേന്ദ്രം, സെക്യൂരിറ്റി, വൈദ്യുതി

**7.1.** ഹരിത ടൂറിസം കേന്ദ്രത്തിനുള്ളിൽ ആവശ്യത്തിനുള്ള പാർക്കിങ് സൗകര്യങ്ങൾ ഒരുക്കൽ.

**7.2.** ടൂറിസം കേന്ദ്രത്തിന്റെ വലുപ്പത്തിനും എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിനും അനുസരിച്ച് വിശ്രമകേന്ദ്രങ്ങളോ ഇരിപ്പിടങ്ങളോ സ്ഥാപിക്കൽ

**7.3.** സെക്യൂരിറ്റി ക്യാമറകളോ മറ്റു സംവിധാനങ്ങളോ സ്ഥാപിച്ച് ടൂറിസം കേന്ദ്രത്തിനുള്ളിൽ സുരക്ഷ ഉറപ്പാക്കൽ

**7.4.** വൈദ്യുതി കണക്ഷനോ സോളാർ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനമോ നടത്തി വൈദ്യുതി ലഭ്യത ഉറപ്പാക്കൽ

## 8. ഉത്തരവാദിത്തങ്ങൾ

### 8.1.വിനോദസഞ്ചാരികൾ

**8.1.1.** ഹരിത ടൂറിസം കേന്ദ്രത്തിലേക്ക് എത്തുന്ന സഞ്ചാരികൾക്ക് കൃത്യമായ മാർഗനിർദേശങ്ങൾ നൽകണം

**8.1.2.** മാർഗനിർദേശത്തിൽ വിനോദസഞ്ചാരികൾ നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങളെപ്പറ്റി വ്യക്തമാക്കിയിരിക്കണം

**8.1.3.** മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താവുന്നവ

- തദ്ദേശ സ്ഥാപനത്തിന്റെ / ടൂറിസം കേന്ദ്രം പരിപാലനം നടത്തുന്ന വകുപ്പ്/ ഏജൻസിയുടെ നിർദേശങ്ങൾ ഹരിത ടൂറിസം കേന്ദ്രത്തിൽ എത്തുന്ന സഞ്ചാരികൾ പിന്തുടരണം.
- ഹരിത ടൂറിസം കേന്ദ്രം പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പ്രവർത്തിക്കുന്നതിനാൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾ, ഡിസ്പോസബിൾ വസ്തുക്കൾ തുടങ്ങിയവ പൂർണമായും ഒഴിവാക്കണം.
- മറ്റു ജൈവ- അജൈവ മാലിന്യങ്ങൾ കളർ കോഡ് അനുസരിച്ച് ബിന്നുകളിൽ നിക്ഷേപിക്കണം
- ജലാശയങ്ങളിലോ വഴികളിലോ കാടിനുള്ളിലോ മാലിന്യം വലിച്ചെറിയരുത്
- ആവാസ വ്യവസ്ഥയെ ബാധിക്കുന്ന തരത്തിലുള്ള ഒരു പ്രവർത്തനങ്ങളും ചെയ്യരുത്.
- കുടിവെള്ളം പാഴാക്കാതെ ഉപയോഗിക്കുക

- കൈയിൽ കരുതിയിട്ടുള്ള ഭക്ഷണം നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഇരുന്നു മാത്രം കഴിക്കണം. ഒരുതരം ഡിസ്പോസബിൾ പാത്രങ്ങളും ഇതിനായി ഉപയോഗിക്കരുത്.

## 8.2. ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ബസ്/ ടാക്സി ഡ്രൈവർമാർ

**8.2.1.** ടൂർ ഓപ്പറേറ്റർമാർക്കും ടൂറിസ്റ്റ് ബസ്, ടാക്സി ഡ്രൈവർമാർക്കും ഹരിത ടൂറിസം കേന്ദ്രത്തെ പറ്റിയുള്ള കൃത്യമായ ധാരണ ഉണ്ടാകണം

**8.2.2.** ഇവരിലൂടെ ഹരിത ടൂറിസം കേന്ദ്രത്തിലേക്ക് എത്തുന്ന വിനോദസഞ്ചാരികൾക്ക് അവിടെ പാലിക്കേണ്ട കാര്യങ്ങളെ പറ്റിയുള്ള കൃത്യമായ നിർദേശം നൽകാൻ സാധിക്കണം

**8.2.3.** ഇവരുമായി ബന്ധപ്പെട്ട ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, ഹോംസ്റ്റേകൾ, ഗൈഡ് എന്നിവർക്ക് ഇതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നല്കാൻ സാധിക്കണം.

**8.2.4.** ഹരിത ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവ നടക്കുമ്പോൾ, പ്രത്യേക സീസണുകളിൽ ടൂർ ഓപ്പറേറ്റർമാർക്ക് ഹരിത ടൂറിസം പാക്കേജുകൾ, ആഘോഷ അവസരങ്ങളിൽ പ്രത്യേക പാക്കേജുകൾ എന്നിവ നൽകാവുന്നതാണ്.

## 8.3. കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ട് തുടങ്ങിയവ

**8.3.1.** തദ്ദേശസ്ഥാപനവും പരിപാലിക്കുന്ന ഏജൻസിയും നിർദേശിക്കുന്ന എല്ലാ നിർദേശങ്ങളും പിന്തുടരണം

**8.3.2.** തദ്ദേശ സ്ഥാപനത്തിന്റെ ലൈസൻസോടു കൂടി തന്നെ പ്രവർത്തിക്കണം

**8.3.3.** ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ചു വയ്ക്കാനും സംസ്കരിക്കാനും കൈമാറാനുമുള്ള സംവിധാനം ഉണ്ടാകണം

**8.3.4.** ഒറ്റത്തവണ ഉപയോഗ വസ്തുക്കൾ ഒഴിവാക്കിയും, പുനരുപയോഗവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടും കർശനമായ ഗ്രീൻ പ്രോട്ടോകോൾ പാലനം നടത്തണം

**8.3.5.** ഹോട്ടലുകളിലും ഹോംസ്റ്റേകളിലും റിസോർട്ടുകളിലും ജലസംരക്ഷണ, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം

8.3.6. ഹൗസ്ബോട്ടുകളിലെ മാലിന്യങ്ങൾ ജലാശങ്ങളിലേക്ക് എത്താതെ കൃത്യമായി ശേഖരിച്ച് സംസ്കരണത്തിന് കൈമാറണം

## 8.4.തദ്ദേശ സ്വയംഭരണ സ്ഥാപനം

ഒരു ഹരിത ടൂറിസം കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ അത് സ്ഥിതി ചെയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലായിരിക്കണം നട ത്തേണ്ടത്.

8.4.1. തദ്ദേശ സ്വയംഭരണ സ്ഥാപനം ചെയ്യേണ്ടത്

- ഹരിത ടൂറിസം കേന്ദ്രത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
- കേന്ദ്രവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വകുപ്പുകൾക്കും ഏജൻസികൾക്കും നിർദേശങ്ങളും ചുമതലകളും നൽകുക
- പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ ഫണ്ട് സ്രോതസ്സ്, സഹകരിക്കാൻ തയ്യാറാകുന്ന സ്റ്റേക്ഹോൾഡർമാർ എന്നിവ കണ്ടെത്തുക
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വരുമാനം ഉണ്ടാകുന്ന തര ത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- ഹരിതടൂറിസം കേന്ദ്രത്തിനുള്ളിലും സമീപത്തും സ്ഥിതി ചെയ്യുന്ന കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയെല്ലാം ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തുകയും അവരുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിരന്തരം വില യിരുത്തുകയും ചെയ്യണം. സംവിധാനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കുക, അവർക്കുള്ള പ്രത്യേകം മാർഗനിർദേശങ്ങൾ പുറ പ്പെടുവിക്കാവുന്നതാണ്
- ആവശ്യമെങ്കിൽ പരിധിയിൽ കവിഞ്ഞുള്ള വിനോദസഞ്ചാരികളെ നിയന്ത്രിക്കുക. (പ്രത്യേകിച്ചും പരിസ്ഥിതിലോല പ്രദേശങ്ങളിൽ)
- പ്രദേശവാസികളുടെ ഉപജീവന സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ച് പ്രാദേശിക സാമ്പത്തിക വികസനം കാര്യക്ഷമമാക്കുക.

- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ നടക്കുന്നുണ്ടെങ്കിൽ നിയമാനുസൃതമുള്ള പിഴ ഈടാക്കുകയും കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- ഗ്രീൻ പ്രോട്ടോകോൾ മാർഗനിർദേശങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങൾക്ക് നൽകുകയും അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക
- ഹൗസ്ബോട്ടുകളിലെ മാലിന്യസംസ്കരണം പ്രത്യേകം നിരീക്ഷിക്കുകയും ജലമലിനീകരണം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യണം

## 8.5. വകുപ്പുകളും ഏജൻസികളും

**8.5.1.** ഒരു ഹരിത ടൂറിസം കേന്ദ്രത്തിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് വകുപ്പുകളും ഏജൻസികളും തദ്ദേശസ്ഥാപനത്തിനോട് സഹകരിക്കുകയും പിന്തുണ നൽകുകയും ചെയ്യണം.

**8.5.2.** ഹരിത ടൂറിസം കേന്ദ്രത്തിലെ പ്രവർത്തനങ്ങൾക്ക് ഓരോ സ്റ്റേക്ക്ഹോൾഡറിനും എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ സാധിക്കും എന്ന് തദ്ദേശ സ്ഥാപനത്തെ അറിയിക്കണം

**8.5.3.** ഇതിലേയ്ക്ക് ഉപയോഗിക്കാൻ സാധിക്കുന്ന ഫണ്ട് സ്രോതസ്സുകളെ പറ്റി തദ്ദേശസ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് അവ ലഭ്യമാക്കുകയും ചെയ്യണം.

# 9. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (ഐ.ഇ.സി)

**9.1.** ഹരിത ടൂറിസം കേന്ദ്രത്തിനുള്ളിൽ പാലിക്കേണ്ട നിബന്ധനകൾ **(Dos and Don'ts)** സംബന്ധിച്ച് ഡിസ്പ്ലേ ബോർഡുകൾ

**9.2.** ഹരിത ടൂറിസം കേന്ദ്രം ആവുന്നതിന്റെ ഘടകങ്ങൾ/ ആ കേന്ദ്രത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുന്ന ബോർഡുകൾ

**9.3.** ഹരിത ടൂറിസം കേന്ദ്രങ്ങളെ അറിവിന്റെ കേന്ദ്രങ്ങൾ **(Knowledge centers)** കൂടി ആക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ (പഠന ക്യാമ്പുകൾ, വായന ക്യാമ്പുകൾ)

**9.4.** സോഷ്യൽ മീഡിയ വഴിയും മറ്റു പത്ര മാധ്യമങ്ങൾ, ദൃശ്യ മാധ്യമങ്ങൾ വഴിയും ഹരിത ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ടുള്ള പ്രചാരണ പ്രവർത്തനങ്ങൾ.

**9.5.** നിർദേശങ്ങളും നിബന്ധനകളും ചെറുബ്രോഷറുകളുടെ രൂപത്തിൽ സഞ്ചാരികൾക്ക് ക്യൂ.ആർ. കോഡ് സ്കാൻചെയ്താൽ ലഭിക്കുന്ന രീതിയിൽ തയ്യാറാക്കാവുന്നതാണ്.

**9.6.** പ്രചാരണ പ്രവർത്തനങ്ങൾക്കായി വ്ലോഗർമാർ, ബ്ലോഗർമാർ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

## 10. പരിപാലനവും മോണിറ്ററിങ്ങും

ഒരു ഹരിത ടൂറിസം കേന്ദ്രം സുസ്ഥിരമായി നിലനിൽക്കണമെങ്കിൽ നിരന്തരമായ  പരിപാലനവും മോണിറ്ററിങ്ങും നടത്തണം

**10.1.** ഹരിത ടൂറിസം കേന്ദ്രം പരിപാലിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് (ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി/ ഇക്കോ ടൂറിസം സൊസൈറ്റി) രൂപീകരിക്കാം

**10.2.** പ്രദേശവാസികൾ, വ്യാപാരികൾ, ടൂർ ഓപ്പറേറ്റർമാർ, ഹോട്ടൽ/റിസോർട്ട് നടത്തിപ്പുകാർ തുടങ്ങി ടൂറിസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേയും പ്രതിനിധികൾ ഉൾപ്പെടുന്നതാവണം ഈ വർക്കിംഗ് ഗ്രൂപ്പ്.

**10.3.** ഇവരെ ഹരിത ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട എല്ലാ യോഗങ്ങളിലും ഉൾപ്പെടുത്തണം

**10.4.** ഇവരുടെ നേതൃത്വത്തിൽ കൂടുതൽ സഞ്ചാരികൾ എത്തുന്ന ദിവസങ്ങളിൽ/ സീസണുകളിൽ പ്രത്യേക മോണിറ്ററിങ് നടത്തണം

**10.5.** ഹരിത ടൂറിസം കേന്ദ്രത്തിനുള്ളിൽ സംഘടിപ്പിക്കുന്ന ആഘോഷ പരിപാടികളുടെയും മറ്റു പ്രവർത്തനങ്ങളുടെയും കൃത്യമായ ഡോക്യുമെന്റഷൻ നടത്തി സൂക്ഷിക്കണം

**10.6.** വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ഇവർക്കാവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്ഥാപനം ബന്ധപ്പെട്ട ഏജൻസികൾ, വകുപ്പുകൾ എന്നിവർക്ക് നൽകാം



## ഹരിത ടൂറിസം - പ്രാരംഭ പ്രവർത്തനങ്ങൾ

- വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച പ്രാഥമിക അവസ്ഥാ വിലയിരുത്തൽ നടത്തൽ. (അവസ്ഥാ പഠനം ഫോർമാറ്റ് - അനുബന്ധം 1 )
- അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തിന്റെ സാധ്യതകളും പരിമിതികളും (കുടിവെള്ളം, ഖര, ദ്രവ മാലിന്യപ്രശ്നം, ടോയ്‌ലെറ്റിന്റെ അഭാവം, പാർക്കിംഗ് സ്ഥലത്തിന്റെ പരിമിതി, വഴി സൗകര്യത്തിന്റെ കുറവ് മുതലായവ) ഹരിത ടൂറിസം ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തൽ.
- പ്രാദേശിക വികസന സാധ്യതകളും പ്രാദേശിക സാമ്പത്തിക വികസന സാധ്യതകളും പട്ടികപ്പെടുത്തൽ
- ഇവയെല്ലാം ഉൾപ്പെടുത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കൽ

### റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ:

- വിനോദസഞ്ചാരകേന്ദ്രത്തിന്റെ പൊതുവായ വിവരണം (ഹരിത ടൂറിസം കേന്ദ്രമാക്കാൻ തിരഞ്ഞെടുത്തിട്ടുള്ള വിനോദസഞ്ചാര



കേന്ദ്രത്തിന്റെ അതിർത്തി, പ്രത്യേകതകൾ, വിനോദസഞ്ചാരികളുടെ ഏകദേശ എണ്ണം, പ്രധാന സീസണുകൾ, പരിപാലനം നടത്തുന്ന ഏജൻസി തുടങ്ങിയവ)

- നിലവിലുള്ള പര്യാപ്തമായ സംവിധാനങ്ങൾ
- അവസ്ഥാ പഠനത്തിൽ കണ്ടെത്തിയ ഗ്യാപ്പുകൾ
- കണ്ടെത്തിയ ഗ്യാപ്പുകൾ മുൻഗണന അനുസരിച്ച് പരിഹരിക്കാനുള്ള മാർഗങ്ങൾ / ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്നിവയുടെ ലിസ്റ്റ്
- വിനോദസഞ്ചാര കേന്ദ്രത്തിലെ പുതിയ സാധ്യതകളുടെ ലിസ്റ്റ്
- പദ്ധതി നടപ്പിലാക്കാനുള്ള സമയക്രമം
- ഫണ്ട് സ്രോതസ്സുകൾ
- ബന്ധപ്പെടുത്താവുന്ന ഏജൻസികൾ
- പരിമിതികളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ

## പ്രവർത്തനങ്ങളിലേക്ക് പോകുന്നത് എങ്ങനെ

- അവസ്ഥാപഠനം, സാധ്യതകളും പരിമിതികളും, നിലവിലെ പ്രശ്നങ്ങൾ, വികസന-പ്രാദേശിക സാമ്പത്തിക വികസന സാധ്യതകൾ തുടങ്ങിയവ മുൻ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ തയ്യാറാക്കിയ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയ്ക്ക് മുമ്പിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കൽ.
- വിനോദ സഞ്ചാരകേന്ദ്രം സ്ഥിതിചെയ്യുന്ന പ്രദേശവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളുടേയും സ്ഥാപനങ്ങളുടേയും യോഗം വിളിച്ചുകൂട്ടി പദ്ധതി ആശയം അവതരിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യൽ.
- പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതി അംഗീകരിക്കൽ.
- ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് അവിടെ കരട് നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ഓരോ വകുപ്പ്/ഏജൻസിക്കും ചെയ്യാൻ കഴിയുന്ന ഇടപെടലുകൾ പട്ടികപ്പെടുത്തുകയും ചെയ്യൽ.

(വകുപ്പുകളുടെയും ഏജൻസികളുടെയും ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്)

- പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കൽ
- അവസ്ഥാ പഠനത്തിൽ കണ്ടെത്തിയ ഗ്യാപ്പുകളുടെ അടിസ്ഥാനത്തിൽ വളരെ വലിയ പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം (ഉദാഹരണം: വലിയ തോതിൽ മലിനീകരണം ഉണ്ടാകുന്ന പ്രദേശത്ത് അത് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്കായിരിക്കണം ആദ്യ മുൻഗണ).

# നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം

കണ്ടെത്തിയ ഗ്യാപ്പുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ മുൻഗണന അനുസരിച്ചും നടപ്പിലാക്കാൻ എടുക്കുന്ന സമയക്രമം അനുസരിച്ചും മൂന്നായി തരംതിരിക്കാം

## ഉടൻ നടപ്പിലാക്കാവുന്നത്

### 1. മാലിന്യസംസ്കരണം

- ജൈവ- അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വ്യത്യസ്ത കളർ കോഡിലെ ബിന്നുകൾ സഞ്ചാരികളുടെ എണ്ണത്തിനും വിനോദസഞ്ചാര കേന്ദ്രത്തിന്റെ വലുപ്പത്തിനനുസരിച്ചും സ്ഥാപിക്കാവുന്നതാണ്.
- കരിയില സംഭരണി, അജൈവ പാഴ്‌വസ്തുക്കൾ സൂക്ഷിക്കുന്നതിന് മിനി എം സി എഫ്, ബോട്ടിൽ ബൂത്ത് തുടങ്ങിയവ സ്ഥാപിക്കാവുന്നതാണ്.



- മിനി എം.സി.എഫ്, ബോട്ടിൽ ബൂത്ത് തുടങ്ങിയവയിൽ നിക്ഷേപിക്കുന്ന സാധനങ്ങൾ കൃത്യമായി നീക്കം ചെയ്യാനുള്ള സംവിധാനം ആദ്യമേ തന്നെ ഉറപ്പുവരുത്തണം.
- ജൈവമാലിന്യ സംസ്കരണത്തിന് മാലിന്യ ഉല്പാദനത്തിന് ആനുപാതികമായതും പ്രദേശത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമായതുമായ ഉപാധികൾ സ്ഥാപിക്കാവുന്നതാണ്. ഉദാഹരണത്തിന് വളരെ വലിയ അളവിൽ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ തുമ്പൂർമുഴി, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങളും, ചെറിയ അളവിലോ ചില പ്രത്യേക സീസണുകളിലോ മാത്രം ജൈവമാലിന്യം ഉണ്ടാകുന്നുള്ളൂ എങ്കിൽ ബയോബിൻ, പൈപ്പ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ് തുടങ്ങിയവയും സ്ഥാപിക്കാം. (അനുയോജ്യമായവ കണ്ടെത്താൻ ശുചിത്വ മിഷന്റെ സാങ്കേതിക സഹായം തേടാവുന്നതാണ്)
- സ്ഥാപിക്കുന്ന ഏതൊരു ഉപാധിയും പരിപാലിക്കാൻ പരിശീലനം ലഭിച്ച ജീവനക്കാർ ഉണ്ടാവണം
- പ്ലാസ്റ്റിക് കവറുകൾ, കുപ്പികൾ തുടങ്ങിയവ കൈമാറുന്നവർക്ക് സമ്മാനക്കൂപ്പണുകൾ നൽകുകയും നറുക്കെടുപ്പു വഴി സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നത് പരിഗണിക്കാം.
- ചെക്ക് പോയിന്റുകൾ സ്ഥാപിക്കുകയും പ്ലാസ്റ്റിക് വസ്തുക്കൾ കയ്യിലുണ്ടെങ്കിൽ ചെക്ക് പോയിന്റിൽ അതിനു നിശ്ചിത തുക ഈടാക്കുകയും, വിനോദസഞ്ചാര കേന്ദ്രത്തിൽ നിന്ന് ഇറങ്ങുമ്പോൾ ഈ പ്ലാസ്റ്റിക് വസ്തുക്കൾ കാണിച്ച് തുക തിരിച്ചു നൽകുകയും ചെയുന്ന സംവിധാനം ഏർപ്പെടുത്താം.
- ദ്രവമാലിന്യ സംസ്കരണത്തിന് സോക്ക് പിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
- ടൂറിസം കേന്ദ്രങ്ങൾ, മാലിന്യ നിക്ഷേപ സാധ്യതയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് നന്നാവും
- മാലിന്യക്കൂനകളോ ജലാശയങ്ങളിൽ മാലിന്യനിക്ഷേപമോ ഉള്ള കേന്ദ്രങ്ങളാണെങ്കിൽ ആദ്യ ഘട്ടത്തിൽ തന്നെ പ്രദേശവാസികൾ, പ്രാദേശിക സംഘടനകൾ, കൂട്ടായ്മകൾ, വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ക്ലീൻ അപ് ഡ്രൈവുകൾ സംഘടിപ്പിക്കാം.

## 2. പ്ലാസ്റ്റിക് നിരോധനവും ബദൽ ഉത്പന്നങ്ങൾ ലഭ്യമാക്കലും

- നിർദ്ദിഷ്ട വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്ലാസ്റ്റിക്കുകളിൽ ഭക്ഷണ-പാനീയ വസ്തുക്കൾ കൊണ്ടുവരുന്നതും കച്ചവടം ചെയ്യുന്നതും പൂർണ്ണമായി നിരോധിക്കുകയോ, ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾ മാത്രം നിരോധിക്കുകയോ ചെയ്യാവുന്നതാണ്.
- പ്ലാസ്റ്റിക്കിനു പകരമുള്ള ബദൽ ഉത്പന്നങ്ങൾ, സഞ്ചാരികൾ കൊണ്ടുവരുന്ന ഭക്ഷണം കഴിക്കാനുള്ള പുനരുപയോഗ പാത്രങ്ങൾ വാടകയ്ക്ക് നൽകുന്ന സംവിധാനങ്ങൾ, കച്ചവട സ്ഥാപനങ്ങളിൽ മുഴുവൻ പുനരുപയോഗ സാധ്യതയുള്ള പാത്രങ്ങൾ മാത്രം ഉപയോഗിക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാവുന്നതാണ്

## 3. കുടിവെള്ളം

- ശുദ്ധമായ കുടിവെള്ള ലഭ്യതയ്ക്ക് വാട്ടർ പ്യൂരിഫയറുകൾ, കിയോസ്കുകൾ തുടങ്ങിയവ സ്ഥാപിക്കാവുന്നതാണ്.

## 4. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (ഐ.ഇ.സി)

- ഹരിതടൂറിസം കേന്ദ്രങ്ങളും അവിടേയ്ക്കുള്ള വഴികളും ഹരിതജീവിതത്തിലേയ്ക്കുള്ള ബോധവത്ക്കരണം നടക്കുന്ന ഇടങ്ങളായി മാറ്റണം. ഇതിനായി നിർദ്ദേശങ്ങൾ, നിബന്ധനകൾ, നിയമപരമായ ഉത്തരവാദിത്തങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ആകർഷകമായ ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്.

പ്രവർത്തനങ്ങൾ ആസൂത്രണം ചെയുന്ന ആദ്യഘട്ടത്തിൽ തന്നെ നിലവിലുള്ള ആവാസവ്യവസ്ഥയെ നിലനിർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കണം.

# ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കാവുന്നത്

## 1. ടോയ്‌ലെറ്റ്, മാലിന്യനിർമാർജനം

- ടേക്ക് എ ബ്രേക്ക് പോലുള്ള പൊതു ശുചിമുറികളും ടോയ്‌ലെറ്റ് കോംപ്ളെക്സുകളും സ്ഥാപിക്കാവുന്നതാണ്. ഇവയുടെ പരിപാലനത്തിനുള്ള സംവിധാനം ഇതോടൊപ്പം ഉണ്ടാക്കണം
- സ്ത്രീകൾ, പുരുഷൻമാർ, ട്രാൻസ്ജെൻഡർ, ഭിന്നശേഷിക്കാർ, കുട്ടികൾ, വയോജനങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളേയും പരിഗണിച്ചാണ് ടോയ്‌ലെറ്റുകൾ നിർമ്മിക്കേണ്ടത്.
- ആവശ്യമെങ്കിൽ STP സംവിധാനങ്ങൾ ഏർപ്പെടുത്താം

## 2. നിർമാണ-സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ

- വിനോദ സഞ്ചാര കേന്ദ്രത്തിലും അവിടേയ്ക്കുള്ള വഴികളിലും മാലിന്യ നിക്ഷേപം നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ചെടികൾ നട്ടു പിടിപ്പിച്ചോ, ചിത്രങ്ങൾ വരച്ചോ മനോഹരമാക്കി മാറ്റിയാൽ മാലിന്യ നിക്ഷേപ മനോഭാവത്തിൽ നിന്നും സന്ദർശകരെ പിന്തിരിപ്പിക്കാൻ സാധിക്കും.
- കടകൾക്ക് പ്രത്യേക ഡിസൈൻ നൽകി ഒരു പ്രത്യേക ഭാഗത്ത് ആകർഷകമായി ക്രമീകരിക്കാൻ കഴിഞ്ഞാൽ നന്നാവും. നിലവിലുള്ള കടകൾക്ക് ഒരു കളർ സ്കീമും പരിഗണിക്കാവുന്നതാണ്.



- ജലസ്രോതസ്സുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിവയ്ക്ക് ചുറ്റും ഫെൻസിങ് സ്ഥാപിക്കാം
- ഹരിത ചെക്ക്പോസ്റ്റ് , സൈക്കിൾ ട്രാക്കുകൾ, നടപ്പാതകൾ തുട ങ്ങിയവ നിർമിക്കാം
- ചെടികളോ മരങ്ങളോ വച്ചുപിടിപ്പിക്കാൻ കഴിയുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് അവ സ്വന്തം പേരിൽ നട്ടു വളർത്തു ന്നതിനുള്ള സൗകര്യം ഒരുക്കാവുന്നതാണ്.

## 3. പ്രാദേശിക- സാമ്പത്തിക വികസനം

- പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ, മറ്റു പാഴ്വസ്തുക്കൾ എന്നിവ ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ ആരംഭിക്കാം. കുടുംബശ്രീ, ഹരിതകർമസേന, മറ്റു സംഘടനകൾ എന്നിവയെ ഇതുമായി ബന്ധിപ്പിക്കാം
- പ്രാദേശികമായി ലഭിക്കുന്ന പ്രകൃതി വിഭവങ്ങൾ (മുള, ഈറ, ചൂരൽ, ഓല തുടങ്ങിയവ) ഉപയോഗിച്ചുകൊണ്ടും  കെട്ടിടനിർമാണ പാഴ്വ സ്തുക്കൾ ഉപയോഗിച്ചുകൊണ്ടും നിർമാണ പ്രവർത്തനങ്ങളും സൗ ന്ദര്യവത്കരണ പ്രവർത്തനങ്ങളും നടത്താം
- കാർഷിക പ്രവർത്തനങ്ങൾ, താമരകൃഷി, മത്സ്യകൃഷി തുടങ്ങിയവ നടത്താം

## 4. ഊർജ സംരക്ഷണം

- സോളാർ, മറ്റു പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ സ്ഥാപിക്കാം
- വിനോദ സഞ്ചാരികൾക്ക് ഓൺലൈൻ ആയോ ഓഫ് ലൈൻ ആയോ ഉള്ള ഒരു പാസ് വഴി പ്രവേശനം നൽകുന്ന രീതി ഉണ്ടാകണം. വലിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം ഇപ്പോൾ അനുവർത്തിച്ചുവരു ന്ന ക്യൂ.ആർ. കോഡ് സ്കാനിംഗ് വഴിയുള്ള എൻട്രി പാസും പരിഗ ണിക്കാവുന്നതാണ്. ഇതിലൂടെ പേപ്പറിന്റെ ഉപയോഗം ഉൾപ്പെടെ ഇല്ലാതാക്കാൻ കഴിയും.
- വിനോദസഞ്ചാര കേന്ദ്രത്തിനുള്ളിൽ ഇലക്ട്രിക്ക്, ബാറ്ററി ഓപ്പറേറ്റഡ് വാഹനങ്ങൾ ഉപയോഗിച്ച് ശബ്ദമലിനീകരണം കുറയ്ക്കുകയും കാർബൺ പാദമുദ്ര കുറയ്ക്കുകയും ചെയ്യാം.

## 5. പരിപാലന സമിതികൾ, മാർഗനിർദേശങ്ങൾ

- ഹരിതടൂറിസം പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിന് ഒരു സമിതി രൂപീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പ്രദേശവാസികൾ, ഉത്തരവാദിത്ത ടൂറിസം മിഷൻ/ഡി.റ്റി.പി.സി. തുടങ്ങിയ ഏജൻസികളുടെ പ്രതിനിധികൾ, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ പ്രതിനിധികൾ തുടങ്ങിയവർ ഇതിൽ അംഗങ്ങളായിരിക്കണം. മൂന്നു മാസത്തിലൊരിക്കലെങ്കിലും ഈ സമിതി യോഗം ചേരണം. സമിതിയുടെ കൺവീനറായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയും ചെയർപേഴ്സണായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരും വരുന്നതാണ് ഉചിതം.
- വിനോദസഞ്ചാരികൾ, ടൂർ ഓപ്പറേറ്റർമാർ, ഹോട്ടൽ ഉടമകൾ, കച്ചവടക്കാർ എന്നിവർക്കുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാം
- ടൂറിസ്റ്റ് ഗൈഡുകൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവർക്ക് നിർദ്ദിഷ്ട വിനോദ സഞ്ചാര കേന്ദ്രത്തിൽ പാലിക്കേണ്ട പെരുമാറ്റ ചട്ടങ്ങൾ സംബന്ധിച്ച് പരിശീലനം നൽകേണ്ടതുണ്ട്.
- വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സേവനം ലഭ്യമാക്കുന്ന ഓട്ടോറിക്ഷ - ടാക്സി ഡ്രൈവർമാർ എന്നിവർക്കും പരിശീലനം നൽകാവുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സേവനവും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

## ദീർഘകാല പ്രവർത്തനങ്ങൾ

- നശിച്ചുപോയ ആവാസവ്യവസ്ഥയെ തിരിച്ചുകൊണ്ടു വരുന്ന പ്രവർത്തനങ്ങൾ
- ജല ആവാസവ്യവസ്ഥയും ജലാശയങ്ങളുടെ തീരവും സംരക്ഷിക്കാൻ റിപ്പേറിയൻ ഫോറെസ്റ്റുകൾ സ്ഥാപിക്കാം
- ഹരിതടൂറിസം കേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിക്കുന്ന വരുമാനം ഉപയോഗിച്ചുതന്നെ കേന്ദ്രത്തിലെ പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവ് കണ്ടെത്താൻ കഴിയണം. ഇതിനായി ഒരു സുസ്ഥിര ടൂറിസം പ്ലാൻ ഉണ്ടാക്കുകയും ആവശ്യമെങ്കിൽ ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥയെ(നെ) നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും വേണം.

## പ്രയോജനപ്പെടുത്താവുന്ന ഫണ്ട് സ്രോതസ്സുകൾ

- തദ്ദേശസ്ഥാപന തനതു ഫണ്ട്
- ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്
- ജില്ലാ പഞ്ചായത്ത് ഫണ്ട്
- ശുചിത്വ മിഷൻ ഫണ്ട്
- കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട് (KSWMP)
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
- CSR ഫണ്ട്
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) ഫണ്ട്
- കൃഷി വകുപ്പ് ഫണ്ട്
- ടൂറിസം വകുപ്പ് ഫണ്ട്
- ഡി ടി പി സി ഫണ്ട്
- വനം വകുപ്പ് ഫണ്ട്
- ദേവസ്വം ബോർഡ് ഫണ്ട്
- ഇറിഗേഷൻ വകുപ്പ് ഫണ്ട്
- കുടുംബശ്രീ ഫണ്ട്
- അനെർട്ട് ഫണ്ട്
- ഫിഷറീസ് വകുപ്പ് ഫണ്ട്
- എം.എൽ.എ, എം.പി. ഫണ്ട്
- സ്പോർട്സ് കൗൺസിൽ ഫണ്ട്
- സ്പോൺസർഷിപ്പ് ഫണ്ട്

ഇത്തരത്തിൽ പ്രവർത്തനങ്ങളെ നിശ്ചയിച്ചു കഴിഞ്ഞാൽ സമയക്രമവും ബന്ധപ്പെടുത്തേണ്ട ഏജൻസികളും ഫണ്ട് സ്രോതസ്സുകളും ഉൾപ്പെടുത്തി ഒരു ടൂറിസം കേന്ദ്രത്തിനു വേണ്ടി കൃത്യമായ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കണം (ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന്റെ മാതൃക അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്).

## വിലയിരുത്തൽ നടത്തി ഹരിത ടൂറിസം കേന്ദ്ര പ്രഖ്യാപനം

ഒരു ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കണമെങ്കിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി, ഓരോ കേന്ദ്രത്തിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ച് മേൽ പറഞ്ഞ ഘടകങ്ങൾ ഉൾക്കൊള്ളിക്കണം. പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിനു ശേഷം പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ വിലയിരുത്തൽ നടത്തേണ്ട ഘടകങ്ങൾ അനുബന്ധം-4 ആയി ചേർത്തിട്ടുണ്ട്.



# വിലയിരുത്തൽ ഫോറം

## അനുബന്ധം 1

### ഹരിത ടൂറിസം അവസ്ഥാ പഠനം : വിവരശേഖരണം ഫോർമാറ്റ്

<table>
<tr><td>വിവരശേഖരണം നടത്തിയ തീയതി</td><td colspan="3"></td></tr>
<tr><td>തിരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രം</td><td colspan="3"></td></tr>
<tr><td>ജില്ല</td><td colspan="3"></td></tr>
<tr><td>തദ്ദേശ സ്വയംഭരണ സ്ഥാപനം</td><td colspan="3"></td></tr>
<tr><td>ബ്ലോക്ക്</td><td colspan="3"></td></tr>
<tr><td>ചുമതലയുള്ള ആർ പി ,പേര്, ഫോൺ നമ്പർ</td><td colspan="3"></td></tr>
<tr><td>കാറ്റഗറി*</td><td colspan="3"></td></tr>
<tr><td>തിരഞ്ഞെടുത്ത പ്രദേശത്തെ കുറിച്ചുള്ള ഒരു ചെറു വിവരണം നല്കുക (എവിടെ മുതൽ എവിടെ വരെ എന്ന് വ്യക്തമാക്കുക (പ്രദേശം)</td><td colspan="3"></td></tr>
<tr><td rowspan="4">തെരഞ്ഞെടുത്ത കേന്ദ്രങ്ങൾക്കുള്ളിലെ സ്പോട്ടുകളും അവയുടെ പരിപാലനവും</td><td>പ്രദേശം/ സ്പോട്ട്</td><td>പരിപാലിക്കുന്ന വകുപ്പ്/ സ്ഥാപനം</td><td>ഈടാക്കുന്ന എൻട്രി ഫീ</td></tr>
<tr><td></td><td></td><td></td></tr>
<tr><td></td><td></td><td></td></tr>
<tr><td></td><td></td><td></td></tr>
<tr><td>വിനോദസഞ്ചാര കേന്ദ്രത്തിൽ തൊഴിലാളികൾ നിലവിലുണ്ടോ, ഉണ്ടെങ്കിൽ എന്ത് ജോലി, സ്ഥിര ജോലിക്കാർ എത്ര, ദിവസ വേതനക്കാർ എത്ര</td><td colspan="3"></td></tr>
</table>

| **എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ ഏകദേശം എണ്ണം (പ്രതിദിനം) (കഴിഞ്ഞ മൂന്ന് മാസത്തെ വിവരങ്ങൾ ചോദിക്കുക. ആയതിന്റെ പ്രതി ദിന ശരാശരി നൽകുക)** | | | |
|---|---|---|---|
| | തദ്ദേശീയർ | മറ്റു സം സ്ഥാന ക്കാർ | വിദേശി കൾ |
| സാധാരണദിവസങ്ങളിൽ എത്ര (പ്രതിദിനം) | | | |
| സാധാരണഅവധി ദിവസങ്ങളിൽ എത്ര | | | |
| ആഘോഷഅവധി ദിവസങ്ങളിൽ എത്ര | | | |
| കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന മാസം/ മാസങ്ങൾ | | | |
| വിനോദ സഞ്ചാരികൾ പ്രധാനമായും ചെയ്യുന്ന ആക്ടിവിറ്റികൾ** | | | |
| വിനോദ സഞ്ചാര കേന്ദ്രത്തിലെ പ്രധാന ജലസ്രോതസ്സ്,നിലവിലുള്ള അവസ്ഥയും വിവരിക്കുക | | | |
| വിനോദ സഞ്ചാര കേന്ദ്രത്തിൽ എല്ലാ ആവശ്യ ങ്ങൾക്കുമുള്ള ജലം എല്ലാ മാസവും ലഭ്യമാ ണോ ,ലഭ്യമല്ലെങ്കിൽ ആയത് ഏതു മാസങ്ങ ളിൽ? ആയതിന്റെ കാരണവും | | | |
| വിനോദ സഞ്ചാര കേന്ദ്രത്തിൽ മഴവെള്ള സംഭരണി ഉണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ നിലവിലുള്ള അവസ്ഥ വിവരിക്കുക | | | |
| **വിനോദ സഞ്ചാര കേന്ദ്രത്തിൽ ലഭ്യമായ സംവിധാനങ്ങൾ നിർദ്ദേശവും നല്കുക** | | | |
| **കുടിവെള്ളം** | | | |
| ലഭ്യമല്ല - കാരണം | | | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | പൊതു ടാപ്പ്, കുടിവെള്ളം സംഭരണി, ഡ്രിങ്കിംഗ് വാട്ടർ കിയോസ്ക്ക്, പ്യൂരിഫയർ, മറ്റുള്ളവ (വ്യക്തമാക്കുക.) | | |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | | | |

| ടോയ്‌ലെറ്റ് | |
|---|---|
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി, സ്വകാര്യ ശുചിമുറി, മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |
| **വിശ്രമ കേന്ദ്രം, പൊതു ഇരിപ്പിടം** | |
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | വിശ്രമ ഇടം (മഴ നനയാത്തത്), പാർക്ക്, ഗാർഡൻ, ഇരിപ്പിടം ഷെൽട്ടർ ഉൾപ്പെടെയുള്ളത്, ബെഞ്ച് മാത്രം, ഫെസിലിറ്റേഷൻ സെന്റർ, മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |
| **ലഘുഭക്ഷണ ശാല /ഭക്ഷണശാല** | |
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | ടേക്ക് എ ബ്രേക്കിനോട് ചേർന്നുള്ളത്, കുടുംബശ്രീ/തദ്ദേശ സ്ഥാപനം/ മറ്റു ഏജൻസികൾ നേരിട്ട് നടത്തുന്ന പൊതു ഭക്ഷണ ശാലകൾ, സ്വകാര്യ ഭക്ഷണ ശാല, വഴിയോര കച്ചവടം, മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |
| **പാർക്കിംഗ് സൗകര്യം** | |
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | ഗേറ്റഡ് പാർക്കിംഗ് സൗകര്യം (പ്രത്യേകമായി), തുറസ്സായ സ്ഥലം, സ്ഥലമില്ല, മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |

| താമസ സൗകര്യം | |
|---|---|
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | റിസോർട്ടുകൾ, ഹോം സ്റ്റേകൾ, ഹോട്ടലുകൾ, മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |
| **മാലിന്യ സംസ്കരണ സംവിധാനങ്ങൾ** | |
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | തരംതിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകൾ, ജൈവമാലിന്യം സംസ്കരിക്കാനുള്ള സംവിധാനം, അജൈവമാലിന്യം ശേഖരണ സംവിധാനം, മറ്റു മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനം, മലിനജലം സംസ്കരിക്കാൻ / പുനരുപയോഗിക്കാനുള്ള സംവിധാനം, ബോട്ടിൽബൂത്ത്, ശുചീകരണ ജീവനക്കാർ, മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |
| **സെക്യൂരിറ്റി സംവിധാനം** | |
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | പോലീസ് സേന, സ്വകാര്യ സെക്യൂരിറ്റി, താൽക്കാലിക ജീവനക്കാർ, സി.സി.ടി.വി., മറ്റുള്ളവ (വ്യക്തമാക്കുക) |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |
| **വൈദ്യുതി** | |
| ലഭ്യമല്ല - കാരണം | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | സോളാർ, വൈദ്യുതി കണക്ഷൻ, ജനറേറ്റർ, മറ്റുള്ളവ (വ്യക്തമാക്കുക). ഇവയിലേതെങ്കിലും ഉണ്ട് പക്ഷെ പ്രവർത്തനരഹിതമാണ് / ഉപയോഗിക്കുന്നില്ല. |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | |

| | | |
|---|---|---|
| **സ്ട്രീറ്റ് ലൈറ്റ് / ലൈറ്റിംഗ്** | | |
| ലഭ്യമല്ല - കാരണം | | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | സോളാർ സ്ട്രീറ്റ് ലൈറ്റ്, ഹൈമാസ്റ്റ് ലൈറ്റ്, സാധാരണ തെരുവ് വിളക്കുകൾ, മറ്റുള്ളവ (വ്യക്തമാക്കുക) | |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | | |
| **വാഹനസൗകര്യം** | | |
| ലഭ്യമല്ല - കാരണം | | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | വിനോദ സഞ്ചാര കേന്ദ്രത്തിനുള്ളിലെ പ്രത്യേക വാഹനം, വിനോദ സഞ്ചാര കേന്ദ്രത്തിലേയ്ക്കുള്ള പൊതു ഗതാഗതം, മറ്റുള്ളവ (വ്യക്തമാക്കുക) | |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | | |
| **മറ്റുള്ളവ (പച്ചത്തുരുത്ത്, sign board, മറ്റു ഫെസിലിറ്റികൾ ഉൾപ്പെടെ)** | | |
| ലഭ്യമാണ് - എന്തെല്ലാം നിലവിൽ ഉണ്ട് | | |
| നിലവിലുള്ളതിന്റെ അവസ്ഥ എന്ത് | | |
| വിനോദ സഞ്ചാര കേന്ദ്രത്തിനുള്ളിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ/വീടുകളുടെ ഏകദേശ കണക്ക് നല്കുക | വഴിയോര കച്ചവടം | ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവ<br>അനധികൃതമായി പ്രവർത്തിക്കുന്നവ |
| | ഭക്ഷണശാലകൾ | ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവ<br>അനധികൃതമായി പ്രവർത്തിക്കുന്നവ |
| | താമസ ഹോട്ടലുകൾ | |
| | വീടുകൾ | |
| | മറ്റു സ്ഥാപനങ്ങൾ | |
| **മലിനീകരണം** | | |
| നിലവിൽ പ്രദേശത്തു മാലിന്യക്കൂനകൾ ഉണ്ടോ? | | |

| | |
|---|---|
| ഉണ്ടെങ്കിൽ സ്പോട്ടുകളുടെ എണ്ണം, സ്ഥലങ്ങൾ | |
| മലിനജലം ഒഴുക്കി വിടുന്നുണ്ടോ? | |
| ഉണ്ടെങ്കിൽ സ്പോട്ടുകളുടെ എണ്ണം, സ്ഥലങ്ങൾ | |
| മലിനീകരണത്തിന്റെ സ്രോതസ്സ് ഏതെല്ലാം? | കടകൾ, വഴിയോര കച്ചവടക്കാർ, വിനോദസഞ്ചാരികൾ വലിച്ചെറിയുന്നത്, അഗ്രികൾച്ചറൽ വേസ്റ്റ്, ടൂറിസ്റ്റ് ആക്ടിവിറ്റികളിൽ നിന്നുണ്ടാകുന്ന മാലിന്യം, റിസോർട്ടുകൾ/ ഹോംസ്റ്റേകൾ/ ഹോട്ടലുകൾ/ഇറച്ചി വ്യാപാരികൾ, സമീപ പ്രദേശങ്ങളിൽ നിന്ന് കൊണ്ട് ഇടുന്നതു |
| ബൾക് വേസ്റ്റ് ജനറേറ്റർസ് ആയിട്ടുള്ള സ്ഥാപനങ്ങൾ/ മാർക്കറ്റ്/ ഭക്ഷണശാലകൾ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടോ? | |
| നിലവിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? | |
| ഉണ്ടെങ്കിൽ അതിനുള്ള സംവിധാനമെന്ത്? ദിവസേന ഉണ്ടോ,അല്ലെങ്കിൽ മാസത്തിൽ എത്ര തവണ | |
| ശുചീകരണം നടത്തി ശേഖരിച്ച മാലിന്യം എങ്ങനെ കൈകാര്യം ചെയുന്നു | വേർതിരിച്ച് സംസ്കരണത്തിന് കൈമാറുന്നു, കത്തിക്കുന്നു, കൂട്ടിയിടുന്നു |
| **അജൈവ മാലിന്യ ശേഖരണ സംവിധാനം** | |
| അജൈവമാലിന്യം ശേഖരിക്കാനുള്ള സംവിധാനം ഉണ്ടോ? | |
| ഉണ്ടെങ്കിൽ | ഹരിതകർമസേനയുടെ സേവനം പ്രയോജനപ്പെടുത്തുന്നു സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്നു |
| ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങളിൽ നിന്നും മാലിന്യം നൽകുന്നുണ്ട്? | |
| സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്നെങ്കിൽ അവ എങ്ങനെ സംസ്കരണം നടത്തുന്നു | |
| പ്രദേശത്ത് പ്ലാസ്റ്റിക് പൂർണ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ? | |
| നിരോധിത പ്ലാസ്റ്റിക്കുകളുടെ വില്പന നടക്കുന്നുണ്ടോ? | |

| | |
|---|---|
| പ്രകൃതി സൗഹൃദ ബദൽ ഉത്പന്നങ്ങളുടെ നിർമാണം, വില്പന എന്നിവ നടക്കുന്നുണ്ടോ? | |
| പ്രാദേശികമായി ടൂറിസം കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മറ്റു സംഘടനകൾ, സമിതികൾ ,അവയുടെ പ്രവർത്തനങ്ങൾ | |
| പ്രാദേശികമായി ടൂറിസം കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ടാക്സി സ്റ്റാൻഡുകൾ / ഓട്ടോ സ്റ്റാൻഡ് എത്ര എണ്ണം | |
| വിനോദ സഞ്ചാര കേന്ദ്രത്തിലെ സാദ്ധ്യതകൾ (പ്രാദേശികം, ഉപജീവനം, പരിസ്ഥിതികം) | |
| വിനോദ സഞ്ചാര കേന്ദ്രത്തിൽ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ മുൻഗണനാ ക്രമത്തിൽ ലിസ്റ്റ് ചെയ്യുക | |

| കാറ്റഗറി* | ആക്ടിവിറ്റികൾ** | (***) - പര്യാപ്തം, അപര്യാപ്തം, ഉപയോഗ യോഗ്യമല്ല, maintenance ഇല്ല, വൃത്തി ഇല്ലായ്മ, നോക്കിനടത്തുന്നില്ല, monitoring ഇല്ല | |
|---|---|---|---|
| മലയോര വിനോദ സഞ്ചാര കേന്ദ്രങ്ങൾ | Trekking | | |
| തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങൾ (കടല്തീര/കായല് പ്രദേശങ്ങൾ) | Hiking | | |
| നദികള്/വെള്ളച്ചാട്ടങ്ങളുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങള് | Boating | | |
| ചരിത്ര സ്മാരകങ്ങളുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങൾ | Rafting | | |
| പ്രാദേശിക വിനോദ സഞ്ചാര കേന്ദ്രങ്ങൾ | Site visits | | |
| കാർഷിക പ്രവർത്തനാനുബന്ധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ (ഫാം ടൂറിസം ) | Jeep safari | | |
| ഭൂസവിശേഷതകളുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങള് | Village visit/walk | | |
| ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ | Farm tour | | |
| | Forest walk/trek | | |
| | House boat | | |
| | Adventure sports | | |
| | Religious activities | | |
| | Others | | |

# അനുബന്ധം 2

ബന്ധപ്പെടുത്താവുന്ന ഏജൻസികൾ/വകുപ്പുകൾ/സ്റ്റേക് ഹോൾഡേഴ്സ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനം
- ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ
- ഉത്തരവാദിത്ത ടൂറിസം മിഷൻ
- ടൂറിസം വകുപ്പ്
- ഫിഷറീസ് വകുപ്പ്
- വനം വകുപ്പ്
- ജലവിഭവ വകുപ്പ്
- ദേവസ്വം ബോർഡ്/ആരാധനാലയ സമിതികൾ
- ടൂറിസം ക്ലബ്ബുകൾ
- ശുചിത്വമിഷൻ
- ഹരിതകേരളം മിഷൻ
- കുടുംബശ്രീ
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)
- പ്രദേശ വാസികൾ
- ടൂർ ഓപ്പറേറ്റർമാർ
- ടൂറിസ്റ്റ് ഗൈഡുകൾ
- കച്ചവടക്കാർ
- വനസംരക്ഷണ/തീരസംരക്ഷണ സമിതി പ്രവർത്തകർ
- സാമൂഹ്യ പ്രവർത്തകർ
- ഓട്ടോറിക്ഷ-ടാക്സി ഡ്രൈവർമാർ
- സർവീസ് ട്രേഡ് യൂണിയൻ പ്രവർത്തകർ
- ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

# അനുബന്ധം 3

## ഹരിത ടൂറിസം ആക്ഷൻ പ്ലാൻ

തിരഞ്ഞെ ടുത്തിട്ടുള്ള കേന്ദ്രം...............................................................................

| SL NO. | കണ്ടെ ത്തിയ ഗ്യാപ്പ് | നടപ്പിലാ ക്കാൻ തീരുമാനിച്ചിട്ടു ള്ള പ്രവർത്തന ങ്ങൾ | ഓരോ പ്രവർത്തി യുടെയും ഉപ പ്രവർ ത്തനങ്ങൾ | സമയ ക്രമം | ബന്ധപ്പെടുത്തുന്ന ഏജൻസികൾ, വകുപ്പുകൾ | ഫണ്ട് സ്രോത സ്സുകൾ | നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പരിമിതികൾ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

# അനുബന്ധം - 4
# ഹരിത ടൂറിസം കേന്ദ്രമാകുന്നതിന് പരിശോധിക്കപ്പെടേണ്ട ഘടകങ്ങൾ

| |
|---|
| **മാലിന്യസംസ്കരണം, ഗ്രീൻ പ്രോട്ടോകോൾ, ടോയ്‌ലെറ്റ്** |
| ജൈവ - അജൈവ മാലിന്യങ്ങൾ തരംതിരിച്ച് വയ്ക്കുന്നതിന് പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട് |
| ബിന്നുകളിൽ നിന്ന് യഥാസമയം മാലിന്യം നീക്കം ചെയുന്നുണ്ട് |
| ജൈവമാലിന്യങ്ങൾ പൂർണമായും സംസ്കരിക്കുന്നതിനുള്ള ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്/ പൂർണമായും സുരക്ഷിത സംസ്കരണം ഉറപ്പു വരുത്തി കൈമാറുന്നുണ്ട്. |
| അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് (ഹരിതകർമസേന/ പ്രൈവറ്റ് ഏജൻസി) |
| വൃത്തിയുള്ളതും വെള്ളം ലഭ്യമായതുമായ ശുചിമുറികൾ ഉണ്ട് (ശരാശരി സഞ്ചാരികളുടെ എണ്ണത്തിന് ആനുപാതികമായി) |
| വിനോദസഞ്ചാരികൾ എത്തുന്ന ദിവസങ്ങളിലെല്ലാം ശുചിമുറികൾ വൃത്തിയാക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ട് (ശുചീകരണ തൊഴിലാളികൾ) |
| പൊതുശുചിത്വ നിലവാരം (ടൂറിസം കേന്ദ്രത്തിലേക്ക് എത്തുന്ന വഴി ഉൾപ്പെടെ മാലിന്യക്കൂന, വലിച്ചെറിയൽ, മാലിന്യം കത്തിക്കൽ, മലിനജലം ഒഴുക്കിവിടൽ എന്നിവയെല്ലാം പരിഗണിച്ചുകൊണ്ട് |
| വിനോദസഞ്ചാര കേന്ദ്രത്തിനുള്ളിലേക്ക് പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുപോകുന്നത് പരിശോധിക്കുന്നതിനുള്ള/ ശേഖരിക്കുന്നതിനുള്ള ചെക്ക് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| മലിനജലം സംസ്കരിക്കാനുള്ള സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. |
| ആവശ്യത്തിന് ശുചീകരണ തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. |
| ടൂറിസം കേന്ദ്രത്തിനുള്ളിലെ കടകളിലും വഴിയോര കച്ചവടക്കാരിലും ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകളോ, ഡിസ്പോസബിളുകളോ ലഭ്യമല്ല |
| ടൂറിസം കേന്ദ്രത്തിനുള്ളിലെ ബൾക്ക് വേസ്റ്റ് ജനറേറ്റർമാർ ഉണ്ടെങ്കിൽ അവിടെ (HOTEL, HOMESTAY etc.) ജൈവ-അജൈവ മാലിന്യ നിർമാർജനം കൃത്യമാണ്/ ജൈവ -അജൈവ മാലിന്യം സംസ്കരിക്കാനും കൈമാറാനുമുള്ള സംവിധാനം ലഭ്യമാണ്. |
| **ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ** |
| വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഗ്രീൻ എനർജി സ്രോതസ്സുകൾ ഉപയോഗിക്കുന്നുണ്ട്. |

| |
|---|
| ടൂറിസം കേന്ദ്രത്തിനുള്ളിലെ ലൈറ്റുകൾ, മറ്റു ഉപകരണങ്ങൾ തുടങ്ങിയവ ഊർജ കാര്യക്ഷമതയുള്ളതാണ് |
| (ടൂറിസം കേന്ദ്രത്തിനുള്ളിൽ ഗതാഗത സൗകര്യം ഉണ്ടെങ്കിൽ) ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾസോ ഇലക്ട്രിക്ക് വാഹനങ്ങളോ ആണ് ഗതാഗതത്തിനായി ഉപയോഗിക്കുന്നത് |
| പൊതുഗതാഗത സൗകര്യം ലഭ്യമാണ് |
| **പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള പ്രദേശം ആണെങ്കിൽ** |
| പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് കൊണ്ട് പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്ന സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട് |
| ടൂറിസം കേന്ദ്രത്തിനുള്ളിലോ, അതുമായി ബന്ധപ്പെട്ടോ തദ്ദേശീയർക്ക് വരുമാന മാർഗങ്ങൾ ഉണ്ട് |
| പരമ്പരാഗത തൊഴിലുകളും കലകളും സഞ്ചാരികൾക്കു വേണ്ടി പ്രദർശിപ്പിക്കാനുള്ള സംവിധാനം ഉണ്ട് |
| **മറ്റുള്ളവ** |
| സഞ്ചാരികൾക്കായി ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട് (കഫെറ്റീരിയ, ടോയ്‌ലെറ്റ്, ബ്രെസ്റ്റ് ഫീഡിങ് ഏരിയ, വിശ്രമകേന്ദ്രം എന്നിവ ഉൾപ്പെട്ടത്) |
| ശുദ്ധമായ കുടിവെള്ളം ലഭ്യമാണ്/ ശുദ്ധമായ കുടിവെള്ളത്തിനുള്ള സംവിധാനം ലഭ്യമാണ് |
| ടൂറിസം കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ നിരന്തരം മോണിറ്റർ ചെയ്യുന്നതിനായി സമിതി/ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്/ കൃത്യമായി മോണിറ്ററിങ് ചെയ്യപ്പെടുന്നുണ്ട്. |
| ഹരിത ടൂറിസം സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയ ബോർഡ്/ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| നിർമാണ പ്രവർത്തികൾ പരിസ്ഥിതി സൗഹൃദമാണ് |
| പാർക്കിംഗ് സൗകര്യം, വൈദ്യുതി കണക്ഷൻ, ഇരിപ്പിടങ്ങൾ, വിശ്രമകേന്ദ്രങ്ങൾ ഉൾപ്പെടുന്ന ഭക്ഷണശാലകൾ, സെക്യൂരിറ്റി/ കാമറ നിരീക്ഷണം |
| സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ |
| വിനോദസഞ്ചാരികൾ, ടൂർ ഓപ്പറേറ്റർമാർ, ടാക്സി ഡ്രൈവർമാർ കച്ചവടക്കാർ തുടങ്ങിയവർക്ക് ഹരിത ടൂറിസം സംബന്ധിച്ച് നിരന്തരം മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. |

| |
|---|
| തദ്ദേശസ്ഥാപനത്തിനു വരുമാനം ലഭിക്കുന്ന ഒരു പ്രവർത്തനം എങ്കിലും ഏറ്റെടുത്തിട്ടുണ്ട്. |
| ജലസ്രോതസ്സ് മലിനപ്പെട്ടിട്ടില്ല |
| ജലസ്രോതസ്സ് സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് |
| ടൂറിസം ആക്ടിവിറ്റികൾ ജലസ്രോതസ്സിനെ മലിനപ്പെടുത്തുന്നില്ല |
| മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടുണ്ട് |
| ജലം പാഴാകുന്ന പ്രവർത്തനങ്ങൾ ഇല്ല |
| **ടൂറിസം കേന്ദ്രം ജൈവ വൈവിധ്യ സമ്പത്തുള്ള കേന്ദ്രമാണെങ്കിൽ** |
| ടൂറിസം ആക്ടിവിറ്റികൾ അവിടുത്തെ ആവാസവ്യവസ്ഥയെ ബാധിക്കുന്നില്ല |
| നിർമാണ പ്രവർത്തനങ്ങൾ ആവാസവ്യവസ്ഥയെയും ജൈവവൈവിധ്യത്തെയും ബാധിക്കുന്നില്ല/ ആവാസവ്യവസ്ഥയെ ബാധിക്കാത്ത തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നു |
| എൻഡെമിക്, വംശനാശ ഭീഷണി നേരിടുന്ന സ്പീഷീസുകൾ തുടങ്ങിയവയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ |
| **കാർഷിക പ്രവർത്തനങ്ങൾ ഉൾപ്പെട്ട കേന്ദ്രം ആണെങ്കിൽ** |
| ഫാം ടൂറിസം പ്രവർത്തനങ്ങൾ (വിനോദസഞ്ചാരികൾക്ക് കാർഷികപ്രവർത്തനങ്ങൾ കാണാനും, പഠിക്കാനും, പ്രവർത്തികളിൽ ഏർപ്പെടാനുമുള്ള സംവിധാനം) |
| ടൂറിസം, കാർഷികപ്രവർത്തനങ്ങളെയോ കർഷകരെയോ ദോഷകരമായി ബാധിക്കുന്നില്ല |

# കുറിപ്പ്

# കുറിപ്പ്

# കുറിപ്പ്

## കുറിപ്പ്